**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2447** **13-09-2023 - ൽ മറുപടിയ്ക്ക്**

**മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സപ്ലൈക്കോ മുഖേന എത്ര പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കാനായിട്ടുണ്ട്; മാവേലി സ്റ്റോറുകൾ ആധുനികവൽക്കരിച്ച് എത്ര സൂപ്പർ മാർക്കറ്റുകളും സൂപ്പർ സ്റ്റോറുകളും ആരംഭിക്കാനായിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സപ്ലൈകോ മുഖാന്തിരം 16 പുതിയ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. 21 മാവേലി സ്റ്റോറുകൾ മാവേലി സൂപ്പർ സ്റ്റോറുകളായും 19 മാവേലി സൂപ്പർ സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായും ആധുനികവൽക്കരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വാമനപുരം മണ്ഡലത്തിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റ് ആക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വാമനപുരം മണ്ഡലത്തിലെ പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് തീരുമാനമായിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് മാവേലി സ്റ്റോറുകളോ സൂപ്പർ മാർക്കറ്റുകളോ ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകളുണ്ടോ; എങ്കിൽ അവ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളാണെന്നും ഇവിടങ്ങളിൽ മാവേലി സ്റ്റോറുകളോ സൂപ്പർ മാർക്കറ്റുകളോ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കാമോയെന്നും വിശദമാക്കാമോ? | (സി) | കോട്ടയം മേഖലയ്ക്ക് കീഴിലുള്ള ഇടുക്കി ജില്ലയിലെ വട്ടവട, ഇടമലക്കുടി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ/സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നില്ല. വട്ടവടയിൽ 'മൊബൈൽ മാവേലി' മുഖാന്തിരം അവശ്യ സാധനങ്ങൾ വിതരണം നടത്തുന്നുണ്ട്. ഇടമലക്കുടിയ്ക്കടുത്തുള്ള പെട്ടിമുടി എന്ന സ്ഥലം വരെ 'മൊബൈൽ മാവേലി' വഴി അവശ്യ സാധനങ്ങൾ വിതരണം നടത്തുന്നുണ്ട്. വലിയ വാഹനങ്ങൾക്ക് സഞ്ചാരയോഗ്യമല്ലാത്ത വഴിയായതുകൊണ്ടാണ് പെട്ടിമുടിയ്ക്ക് ശേഷം മൊബൈൽ മാവേലി സ്റ്റോർ പോകാത്തത്. സർക്കാരിന്റെ ഉച്ചഭക്ഷണ പദ്ധതി പ്രകാരമുള്ള ഭക്ഷ്യ വസ്തുക്കൾ ഇടമലക്കുടിയിലെ വിദ്യാലയങ്ങൾക്ക് മൂന്നാർ ഡിപ്പോയിൽ നിന്നും എല്ലാ മാസവും സ്കൂൾ അധികൃതരുടെ സഹായത്തോടെ വിതരണം ചെയ്യുന്നുണ്ട്. മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ആവശ്യകത പരിശോധിച്ച് ആവശ്യമെങ്കിൽ പുതിയ സ്റ്റോറുകൾ ആരംഭിക്കും. |

സെക്ഷൻ ഓഫീസർ